പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 725 12.12.2012 ൽ മറുപടിയ്ക്ക്

ഗുണനിലവാരമില്ലാത്ത മരുന്നുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ.മുല്ലക്കര രത്നാകരൻ :<br>ശ്രീ.പി. തിലോത്തമൻ :<br>ശ്രീ. ജി.എസ്. ജയലാൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്നത് സംബന്ധിച്ച് വിവിധ ആരോഗ്യ സംഘടനകളിൽ നിന്നും ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്നത് സംബന്ധിച്ച് ആരോഗ്യ സംഘടനകളിൽ നിന്നും യാതൊരുവിധ നിവേദനങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ബി) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വില്പന തടയുന്നതിന് കഴിഞ്ഞ ഒന്നരവർഷത്തിനിടയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇത്തരത്തിൽ എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | (ബി) കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ 6000 സാമ്പിളുകൾ പരിശോധനക്കായി എടുത്തതിൽ 239 എണ്ണം ഗുണനിലവാരമില്ലാത്തതായി കാണുകയും, ഇതിന്റെ വിപണവും വിതരണവും തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ് തുത കാലായളവിൽ 52 മരുന്ന് നിർമ്മാതാകൾക്കെതിരെ ഗുണനിലവാരമില്ലാത്ത മരുന്ന് നിർമ്മിച്ച് വിതരണം ചെയ്തതിന് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി)സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ